## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4094 — 27.06.2012-ൽ മറുപടിക്ക്

### കേരളത്തിൽ ജോലിചെയ്യുന്ന മറുനാടൻ തൊഴിലാളികളുടെ വിവരങ്ങൾ

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | മറുപടി<br>ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
|---|---|
| (എ) കേരളത്തിൽ ജോലി ചെയ്യുന്ന മറുനാടൻ തൊഴിലാളികളിൽ പ്രതിമാസം ശരാശരി എത്രപേർ അപകടങ്ങളിൽപ്പെട്ട് മരണമടയുന്നു എന്ന് വ്യക്തമാക്കുമോ; ഇപ്രകാരം ജോലിക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടയുന്ന തൊഴിലാളി കളുടെ കുടംബങ്ങൾക്ക് സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ടോ; ഈ സർക്കാർ അധികാരമേറ്റശേഷം ജോലി ക്കിടയിൽ അപകടത്തിൽപ്പെട്ട് മരണമടഞ്ഞ എത്ര തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകിയെന്നും ആകെ എത്ര തുക നൽകിയിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) കേരളത്തിൽ ജോലി ചെയ്യുന്ന മറുനാടൻ തൊഴിലാളികളിൽ പ്രതിമാസം ശരാശരി ഒരാൾ വീതമെങ്കിലും മരണമടയുന്നു. ഇപ്രകാരം മരണമടയുന്ന തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നില്ല. എന്നാൽ കേരളത്തിൽ വന്ന് ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കായി ആരംഭിച്ചിട്ടുള്ള കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾ ജോലിയ്ക്കിടയിൽ സംഭവിക്കുന്ന അപകടം മൂലമാണ് മരണമടയുന്നതെങ്കിൽ 50,000/-രൂപ ധനസഹായമായി നൽകുന്നു. |
| (ബി) അന്യ സംസ്ഥാന തൊഴിലാളികളെ നമ്മുടെ നാട്ടിൽ തൊഴിലെടുപ്പിക്കാൻ കൊണ്ടുവരുമ്പോൾ സംസ്ഥാന തൊഴിൽ നിയമങ്ങൾ പൂർണ്ണമായും തൊഴിലുടമകളും കോൺട്രാക്ടർ മാരും പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ടോ; പ്രസ്തുത നിയമം ലംഘിച്ച ഏതെങ്കിലും തൊഴിലുടമയ്ക്കും കോൺട്രാക്ടർക്കും എതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) അന്യസംസ്ഥാന കുടിയേറ്റ നിയമത്തിലെ വ്യവസ്ഥകൾ തൊഴിലുടമയും കോൺട്രാക്ടർമാരും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി പരിശോധനകൾ നടത്തിവരുന്നുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ട കേസ്സുകളിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ